**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T4634**
**22/03/2018-ലെ മറുപടിക്ക്**

**കടുത്തുരുത്തി കോർട്ട് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>(ബഹു. എം.എൽ.എ) | ഉത്തരം<br>ശ്രീ. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | 2016 -17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കടുത്തുരുത്തി ഉൾപ്പെടെ 14 സ്ഥലങ്ങളിൽ പ്രത്യേക കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 150 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച ഭരണാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി കിഫ്ബി വഴി നടപ്പാക്കാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | കിഫ്ബി വഴി നടപ്പാക്കാനാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഭരണാനുമതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ഈ പ്രവൃത്തി ഇപ്പോൾ ഏത് ഏജൻസി വഴിയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളതായി ധനവകുപ്പിൽ വിവരം ലഭിച്ചിട്ടില്ല. ഏജൻസി സംബന്ധിച്ചും തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | ഈ പദ്ധതി സംബന്ധിച്ച ആഭ്യന്തര വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ഫയൽ നമ്പർ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ? | ഇത് സംബന്ധിച്ച ഫയൽ നടപടികൾ ധന വകുപ്പിൽ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ